## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 493** **11-06-2024 - ൽ മറുപടിയ്ക്ക്**

## എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടുകളുടെ വിനിയോഗത്തിൽ കാലോചിതമായ മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | ഇത് സംബന്ധിച്ച് സാമാജികരിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഹു നിയമസഭാ സാമാജികർ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പൊതുജനോപകാരപ്രദവും മൂലധന സ്വഭാവമുള്ളതുമായ കൂടുതൽ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കുന്ന തരത്തിൽ പ്രത്യേക വികസന നിധിയുടെയും, ആസ്തി വികസന പദ്ധതിയുടെയും, മാർഗ്ഗനിർദേശങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (സി) | സർക്കാർ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സർക്കാർ വകുപ്പുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ